പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 7195

11.07.2014-ൽ
മറുപടിയ്ക്ക്

# ചേർത്തല താലൂക്കിലെ പുതിയ കയർപിരി സംഘങ്ങൾ

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) ചേർത്തല താലൂക്കിൽ പുതുതായി എത്ര കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | എ)<br>4 കയർപിരി സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>1) കളത്തിവീട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1108<br>2) ശാന്തിക്കവല കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1281<br>3) മായിത്തറ ബാപ്പുജി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1285<br>4) മരുത്തോർവട്ടം കസ്തൂർബാ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1284 |
| ബി) പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; | ബി) കേരള സഹകരണ സംഘം നിയമം 1969-ലെ വകുപ്പുകളും ചട്ടങ്ങളും അനുസരിച്ചാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്തത്. |
| സി) സംഘങ്ങൾ രൂപീകരിക്കുന്നതിന് പ്രവർത്തന പരിധിയും അംഗത്വ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ടോ? | സി) ഓരോ സംഘത്തിന്റേയും ബൈലോയിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തനപരിധി നിശ്ചയിക്കാവുന്നതാണ്. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സഹകരണസംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ അതേ ഉദ്ദേശത്തോടുകൂടിയ മറ്റൊരു സഹകരണസംഘം രജിസ്റ്റർ ചെയ്യാൻ |

| | |
|---|---|
| | പാടില്ല എന്ന രീതിയിൽ പ്രവർത്തന പരിധി സഹകരണ നിയമത്തിലും അതനുസരിച്ച് തയ്യാറാക്കുന്ന ബൈലോയിലും നിഷ്ക്കർഷിച്ചിട്ടുണ്ട്. ഓരോ സംഘങ്ങളുടേയും അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന് വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട 25 പേരെങ്കിലും അപേക്ഷകരായി ഉണ്ടായിരിക്കണം. |
| ഡി) കൂടുതൽ കയർപിരിക്കാർ ഉള്ള വാർഡുകളിൽ നിന്നും പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകാതിരിക്കുകയും നിലവിലുള്ള സംഘങ്ങളിൽ പുതിയ അംഗങ്ങളെ ചേർക്കാതിരിക്കുകയും ചെയ്യുന്നുവെന്ന പരാതി പരിശോധിക്കുമോ; | ഡി)അത്തരം പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| ഇ) പുതിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത് ഏതു പദ്ധതി പ്രകാരമാണ്; വിശദമാക്കുമോ? | ഇ) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കുന്ന സംഘങ്ങൾക്ക് പ്രോജക്ട് ഓഫീസറുടെ ശുപാർശ പ്രകാരം പ്രധാനമായും സർക്കാർ ഓഹരി പങ്കാളിത്തം അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ